# അദ്ധ്യായം - 25



*അഹമ്മദ് നഗറിലെ ദാമു അന്നാകാസർ-1)കച്ചവടം 2) ആമ്ര ലീല.*

## മുഖവുര

മഹായോഗേശ്വരനും പരബ്രഹ്മവും ഈശ്വരാത്മാവുമായ സായിബാബയെ സാഷ്ടാംഗം പ്രണമിച്ച് ഈ അദ്ധ്യായം തുടങ്ങാം. സിദ്ധന്മാരിൽ ചൂഡാമണിയും, സർവ്വമംഗള നിവാസസ്ഥാനവും, നമ്മുടെ ആത്മാരാമനും, ഭക്തന്മാരുടെ അഭയക്ഷേത്രവുമായ സായിനാഥന് വിജയം ഘോഷിക്കട്ടെ. ജീവിത ലക്ഷ്യവും ഉദ്ദേശവും കൈവന്ന ആ മഹാത്മാവിനെ നമസ്കരിക്കുക.

സായിബാബ എല്ലായ്പ്പോഴും കരുണാപൂർണ്ണനാണ്. നമ്മുടെ കൃത്യം മനസ്സറിഞ്ഞ ഭക്തിമാത്രമാണ്. ഒരു ഭക്തന് ഉറച്ചവിശ്വാസവും ഭക്തിയുമുണ്ടെങ്കിൽ അയാൾ ആഗ്രഹിക്കുന്നതെന്തും നടക്കും. ഹേമദ്പാന്തിന് സായി ബാബയുടെ ലീലകളെപ്പറ്റി എഴുതാൻ ആഗ്രഹം വന്നപ്പോൾ ബാബതന്നെ അവ എഴുതിക്കാൻ അയാളെ സഹായിച്ചു. കുറിപ്പുകളും മറ്റും എടുക്കാൻ പറഞ്ഞതോടുകൂടി ഹേമദ്പാന്തിന് പ്രചോദനം

സിദ്ധിച്ചു. പിന്നെ എഴുതാൻ ഒരു പ്രശ്നമായില്ല. അദ്ദേഹം അതിന് പ്രാപ്തനല്ലെന്നു പറയുന്നെങ്കിലും സായിബാബയെ സംബന്ധിച്ച അമൃതവർഷം പെയ്യുന്ന സോമകാന്ത ശിലപോലുള്ള ഈ സച്ചരിതം നമുക്കു കിട്ടി.

ആർക്കെങ്കിലും ബാബയിൽ പരിപൂർണ്ണ വിശ്വാസം ജനിച്ചാൽ അവരുടെ സകല കഷ്ടതകളും ബാബ ഇല്ലായ്മ ചെയ്യുന്നു. അഹമ്മദ് നഗറിലെ ദാമോദർ സവലറാം രസാനി കാസറിന്റെ അഥവാ ദാമു അന്നയുടെ കഥ ഇതിന്നു ദാഹരണമായ് താഴെകൊടുക്കുന്നു.

## ദാമു അന്ന

ഈ ഭക്തനെപറ്റി 6-ാം അദ്ധ്യായത്തിൽ രാമനവമി ഉത്സവത്തെ സംബന്ധിച്ച് പറഞ്ഞപ്പോൾ പ്രതിപാദിച്ചത് വായനക്കാർ ഓർമ്മിക്കുന്നുണ്ടാവാം. 1895-ലെ രാമനവമി ഉത്സവത്തിന് ഷിർദ്ദിയിൽപോയ കാലംമുതൽ ഈയാളുടെ വക ഭംഗിയുള്ള ചിത്രപണി ചെയ്ത ഒരു കൊടിക്കൂറ രാമനവമി ഉത്സവത്തിന് എഴുന്നള്ളിക്കാറുണ്ട്. ഉത്സവത്തിനു വരുന്ന സാധുകൾക്കും ഫക്കീർമാർക്കും ഇയാൾ ഭക്ഷണം കൊടുക്കുന്നു.

## അയാളുടെ ഊഹക്കച്ചവടം (1) പരുത്തി

ദാമു അന്നയുടെ ഒരു ബോംബെ സുഹൃത്ത് കൂറായി കുറച്ചു പരുത്തിക്കച്ചവടം ചെയ്യാനെഴുതി. അന്നത്തെ നിലവാരപ്രകാരം അതിൽ രണ്ടു ലക്ഷം ഉറുപ്പിക ലാഭം കിട്ടു. ദാമുഅന്ന, ബി. വി. നരസിംഹസാമിയോട് പറഞ്ഞത്, കത്ത് ഒരു ബ്രോക്കർ അയച്ചതാണെന്നും, അയാൾ മാത്രം കച്ചവടം ചെയ്യാനാണെന്നുമാണ്. ബ്രോക്കർ, കച്ചവടത്തിൽ നഷ്ട

സാദ്ധ്യതയില്ലെന്നും ഉടനെ ചെയ്യണമെന്നുമാണ് എഴുതിയത്. ദാമു അന്നക്ക് എന്തു ചെയ്യണമെന്നറിയാതെയായി. ബാബാ ഭക്തനായതിനാൽ എല്ലാ വിവരവും വെച്ച് ശാമക്കെഴുതി ബാബയുടെ അഭിപ്രായം അറിയാൻ പറഞ്ഞു. ശാമകത്ത് പിറ്റേന്ന് കിട്ടിയപ്പോൾ അതുകൊണ്ട് മസ്ജിദ്ദിൽപോയി ബാബയുടെ കാൽക്കൽവെച്ചു. ബാബ എന്താണത് ആരുടെ കത്താണെന്ന് ചോദിച്ചു. ദാമു അന്നക്ക് ഒരു കാര്യം അറിയാനാണ് എന്നു പറഞ്ഞു. ബാബ പറഞ്ഞു 'അയാളെന്താണെഴുതിയത്? എന്താണയാളുടെ പരിപാടി? അയാൾക്ക് ദൈവം കൊടുത്തതിൽ തൃപ്തി വരാതെ ആകാശം കടന്നുപിടിക്കാൻ നോക്കയാണ് കത്ത് വായിക്കൂ.' ശാമ പറഞ്ഞു കത്ത് അത് തന്നെയാണ്. ദേവ! അവിടുന്ന് ഇവിടെ ഇരുന്ന് ഭക്തന്മാർക്ക് പരിഭ്രമം വരുമ്പോൾ ഇങ്ങോട്ടേക്ക് നേരിട്ടോ കത്ത് മൂലമോ ആകർഷിക്കുന്നു. കത്തിലെ വിവരം അറിഞ്ഞ് എന്നെകൊണ്ടെന്തിനാണ് വായിപ്പിക്കുന്നത്? ബാബ പറഞ്ഞു. 'ശാമ! ദയവ് ചെയ്ത് വായിക്കൂ. ഞാനെന്തെങ്കിലും പറഞ്ഞാൽ ആരു വിശ്വസിക്കാൻ'.

ശാമ കത്തുവായിച്ചത് ബാബ ശ്രദ്ധിച്ചു. പിന്നീട് പറഞ്ഞു 'ശേട്ടുവിന് ഭ്രാന്താണ്. അയാളുടെ വീട്ടിൽ ഒന്നിന്റെയും കുറവില്ലെന്നും ഇപ്പോഴുള്ളതുകൊണ്ട് തൃപ്തിപ്പെട്ടാൽ മതിയെന്നും ലക്ഷത്തിന്റെ പിന്നാലെ പോകേണ്ടെന്നും മറുപടി എഴുതൂ.'ശാമ മറുപടി അയച്ചു. ദാമു അന്ന അതിന് കാത്തിരിക്കുകയായിരുന്നു. അത് വായിച്ചപ്പോൾ ലക്ഷക്കണക്കിൽ ലാഭത്തിനുള്ള പ്രതീക്ഷ തകർന്നുപോയതാണ് കണ്ടത്. ബാബയോട് ആലോചിക്കേണ്ടായിരുന്നു എന്നയാൾ കരുതി. ശാമ നേരിട്ടുവന്നു. ബാബയോട് ചോദിക്കുന്നത് നന്നായിരിക്കും എന്ന് സൂചിപ്പിച്ചതനുസരിച്ച് അയാൾ നേരിട്ട് ഷിർദ്ദിയിൽ വന്നു ബാബയെ ദർശനം ചെയ്തു നമസ്കരിച്ച് ബാബയുടെ





കാലുതലോടി ഇരുന്നു. ബാബയോട് നേരിട്ട് ചോദിക്കാൻ ധൈര്യം പോരാഞ്ഞ് ബാബ സമ്മതിക്കുന്ന പക്ഷം ലാഭത്തിൽ ഒരു പങ്ക് ബാബക്ക് കൊടുക്കാമെന്ന് മനസ്സിൽ വിചാരിച്ചു. ബാബയിൽ നിന്ന് ഒന്നും ഒളിച്ചുവെക്കാൻ സാദ്ധ്യമല്ലല്ലോ. ഭൂതം, ഭാവി, വർത്തമാനം മുഴുവൻ സർവ്വന്തര്യാമിയായ ബാബക്ക് അറിയാം. കുട്ടി മിഠായി ചോദിക്കുമ്പോൾ അമ്മ കയ്പ് മരുന്ന് കൊടുക്കുന്നു. ആദ്യത്തേത് ആരോഗ്യം നശിപ്പിക്കും, രണ്ടാമത്തേത് നന്നാക്കും. അതു പ്രകാരം ബാബ ദാമു അന്നയുടെ മനസ്സിലെ കാര്യം അറിഞ്ഞു ഇപ്രകാരം പറഞ്ഞു:'ബാപ്പു എന്നെ ഇമ്മാതിരി ലാഭം വീതിക്കലും മറ്റുമായ ലൗകികത്തിലേക്ക് വലിച്ചിഴക്കണ്ട'. ബാബയുടെ ഇംഗിതം അറിഞ്ഞ് ദാമു അന്ന ആ കച്ചവടം വേണ്ടെന്നു വച്ചു.

## ധാന്യകച്ചവടം

പിന്നീടയാൾ ധാന്യങ്ങൾ, അരി, ഗോതമ്പ് മുതലായ കച്ചവടം ചെയ്യാൻ ആലോചിച്ചു. ഇതും ബാബ മനസ്സിലാക്കി പറഞ്ഞു: 'നീ ഉറുപ്പികക്ക് 5 സേറ് വാങ്ങി 7 സേറ് വില്ക്കേണ്ടി വരും'. അതുകൊണ്ട് അതും വേണ്ടെന്നുവച്ചു. കുറച്ചു ദിവസങ്ങളും കൂടി ധാന്യവില സ്ഥിരമായി നിന്നെങ്കിലും ഒരു മാസത്തിനിടക്ക് നല്ല മഴപെയ്ത കാരണം ധാന്യങ്ങൾക്ക് വിലയിടിഞ്ഞു. ധാന്യം സ്റ്റോക്കുവെച്ചവർക്ക് വമ്പിച്ച നഷ്ടം പറ്റി. ദാമു അന്നയെ നഷ്ടത്തിൽനിന്ന് രക്ഷിച്ചു. ബ്രോക്കർ മറ്റൊരു കച്ചവടക്കാരന് പരുത്തികച്ചവടം ചെയ്ത് കൊടുത്തത് വമ്പിച്ച നഷ്ടത്തിൽ കലാശിച്ചു. അങ്ങിനെ രണ്ടു ദുരന്തങ്ങളിൽ നിന്ന് തന്നെ രക്ഷിച്ച ബാബയുടെ ഒരു അടിയുറച്ച വിശ്വാസിയായ ദാമുഅന്ന, മഹാസമാധിവരെയും അതിനു ശേഷവും ഭക്തനായിതന്നെ തുടരുന്നു.

## ആമ്രലീല അഥവാ മാങ്ങയുടെ അതിശയം

ഒരിക്കൽ 300 നല്ല മാങ്ങായടങ്ങുന്ന ഒരു പാർസൽ ഷിർദ്ദിയിൽ കിട്ടി. അത് റാലി എന്ന മംലത്ത് ദാർ ബാബക്ക് ശാമയുടെ പേരിൽ ഗോവയിൽ നിന്നയച്ചതായിരുന്നു. പാർസൽ തുറന്നപ്പോൾ എല്ലാ മാങ്ങയും നല്ല പാകം വന്നിരുന്നു. അവ ശാമയെ ഏല്പിച്ച് ബാബ നാലെണ്ണം അദ്ദേഹത്തിന്റെ മൺപാത്രത്തിൽവെച്ചു. ബാബ പറഞ്ഞു:'ഈ നാലു മാങ്ങ ദാമു അന്നക്കാണ്; അവിടെ കിടക്കട്ടെ.'

ഈ ദാമു അന്നക്ക് മൂന്നു ഭാര്യമാരുണ്ടായിരുന്നു. (അയാൾ പറഞ്ഞത് രണ്ട് ഭാര്യമാരാണെന്നാണ്) കുട്ടികളില്ലായിരുന്നു. അയാൾ പല ജ്യോത്സ്യന്മാരേയും കാണുകയും സ്വന്തം ജ്യോതിഷം പഠിക്കുകയും ചെയ്തു. അയാൾക്ക് ഒരു പാപഗ്രഹത്തിന്റെ ദോഷഫലത്താൽ ഈ ജന്മം സന്താനങ്ങളുണ്ടാവില്ലെന്നാണ് ഫലം. ദാമു അന്ന കുറച്ചു കഴിഞ്ഞപ്പോൾ ഷിർദ്ദിയിൽ വന്നു. ബാബ 'മറ്റുള്ളവർ ഈ മാങ്ങക്ക് വേണ്ടി നോക്കുകയാണ്. ഇവ ദാമുവിനുള്ളതാണ്. അതിന്നുള്ള ആൾ അത് തിന്നുമരിക്കട്ടെ' എന്നു പറഞ്ഞു. ദാമു അന്ന അതുകേട്ട് പരിഭ്രമിച്ചപ്പോൾ മഹൽസാപതി മരണം എന്നത് അഹംഭാവത്തിന്റേതാണെന്നും അത് ബാബയുടെ മുന്നിൽ തന്നെയാണ് നശിപ്പിക്കേണ്ടതെന്നും പറഞ്ഞു. ദാമു അന്ന ഉടനെ തിന്നാൻ തയ്യാറായി. ബാബ പറഞ്ഞു: 'നീ തിന്നണ്ട, നിന്റെ ഇളയഭാര്യക്ക് കൊടുക്ക് ഈ ആമ്രലീല അവൾക്ക് നാലാൺ മക്കളെയും, നാലു പെൺമക്കളെയും കൊടുക്കും.' അപ്രകാരം ചെയ്യുകയും ബാബയുടെ വാക്കു ഫലിക്കുകയും ചെയ്തു.

ബാബ ജീവിച്ചിരിക്കെ പറഞ്ഞ വാക്കുകൾക്ക് അതിയായ ശക്തിയും ഫലവുമായിരുന്നു. അതിശയമെന്നു പറയട്ടെ ! മഹാസമാധിക്കു ശേഷവും ഇതു തന്നെയായിരുന്നു നടന്നത്. ബാബ പറയും. ' എന്നെ വിശ്വാസിച്ചാലും! ഞാൻ മരിച്ചാലും എന്റെ ശവകൂടീരത്തിലുള്ള അസ്ഥികൾ നിങ്ങൾക്ക് സമാധാനവും ആശയും തരും. ഞാൻ മാത്രമല്ല എന്റെ ശവകൂടീരം സംസാരിക്കുകയും, സഞ്ചരിക്കുകയും എനിക്കർപ്പിക്കപ്പെട്ടവരോട് ബന്ധം പുലർത്തുകയും ചെയ്യും. ഞാൻ നിങ്ങളോടൊപ്പമില്ലെന്ന് കുണ്ഠിതപ്പെടരുത്. എന്റെ അസ്ഥികൾ നിങ്ങളുമായി സംസാരിക്കുന്നതും കുശലങ്ങള ന്വേഷിക്കുന്നതും നിങ്ങൾക്കു കേൾക്കാം. എന്നെ സദാ സ്മരിച്ച് എന്നെ പരിപൂർണ്ണമായി വിശ്വസിച്ചാൽ നിങ്ങൾക്ക് അതിന്നുള്ള നേട്ടമുണ്ടാവും'.

## പ്രാർത്ഥന

ഹേമദ്പാന്ത് ഈ അദ്ധ്യായം ഒരു പ്രാർത്ഥനയിൽ അവസാനിപ്പിക്കുന്നു. 'ഓ സായി സദ്ഗുരോ! ഭക്തന്മാരുടെ കല്പതരൂ! ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഞങ്ങൾ ഒരിക്കലും അവിടുത്തെ പാദങ്ങൾ മറക്കുകയോ കാണാതിരിക്കുകയോ ചെയ്യരുത്. ഈ സംസാരത്തിൽ ഞങ്ങൾ ജനനമരണങ്ങളാൽ വ്യാകുലരാണ്. ഇനി ഞങ്ങളെ ജനനമരണങ്ങളിൽ നിന്ന് മോചിപ്പിച്ചാലും. ഞങ്ങളെ ഇന്ദ്രിയങ്ങളുടെ പിന്നാലെ സുഖത്തിനുവേണ്ടി അലയിപ്പിക്കാതെ അന്തർമുഖമാക്കി ആത്മനെ കാണുവാൻ സഹായിച്ചാലും മനസ്സിന്റെയും ഇന്ദ്രിയങ്ങളുടെയും ബഹിർമുഖത നിയന്ത്രിക്കാത്ത പക്ഷം ആത്മസാക്ഷാൽക്കാരം സാദ്ധ്യമല്ല. സന്താനപത്നി സുഹൃത് സംഘങ്ങളൊന്നും അന്ത്യകാലത്ത് സഹായകമല്ല. അവിടുന്ന് മാത്രമാണ് മുക്തിയും തുഷ്ടിയും തരാനുള്ളത്. ഞങ്ങളുടെ

ദുഷ്ടവിചാരങ്ങളെയും വാദമനഃസ്ഥിതിയെയും നശിപ്പിച്ചാലും. നാക്ക് അവിടുത്തെ നാമം ജപിക്കട്ടെ. നല്ലതും ചീത്തയുമായ എല്ലാതരം ചിന്തകളും കളഞ്ഞ് ഞങ്ങൾ വീടും ദേഹവും എല്ലാം മറന്ന് അഹംഭാവം ഇല്ലാത്തവരാവട്ടെ. അവിടുത്തെ നാമം മാത്രം സ്മരിച്ച് ബാക്കി എല്ലാം ഞങ്ങൾ മറക്കട്ടെ. മനസ്സിന്റെ പതറിച്ചകൾ അകറ്റി ശാന്തമാവട്ടെ. അവിടുന്ന് ഒരിക്കൽ ഞങ്ങളെ താങ്ങിയാൽ ഞങ്ങളുടെ അറിവില്ലായ്മയുടെ ഇരുട്ട് നീങ്ങി അവിടുത്തെ പ്രകാശത്തിൽ ഞങ്ങൾ സന്തുഷ്ടരാവും. ഞങ്ങളുടെ പൂർവ്വജന്മാർജിത സുകൃതം കൊണ്ടാണ് അവിടുത്തെ ലീലകളാകുന്ന അമൃതം പാനം ചെയ്ത് ഞങ്ങൾക്ക് നിദ്രയിൽനിന്നുണരാൻ കഴിഞ്ഞത്‘.

**നോട്ട്:**

ദാമു അന്ന പറഞ്ഞ കാര്യങ്ങൾ: ‘ഒരിക്കൽ പലരുടെയും കൂടെ ഞാൻ ബാബയുടെ കാല്ക്കലിരുന്നപ്പോൾ എന്റെ മനസ്സിൽ രണ്ടു പ്രശ്നങ്ങളുണ്ടായിരുന്നു. ബാബ അവക്ക് രണ്ടിനും ഉത്തരം തന്നു.

1) പലരും സായിബാബയുടെ അരികെ കൂട്ടം കൂട്ടമായി വരുന്നു. അവർക്കെല്ലാം നേട്ടമുണ്ടാവുന്നുണ്ടോ?

ഇതിന് ബാബ വാക്കാൽ മറുപടി പറഞ്ഞു:‘ ആ മാവ് പൂത്തുനില്ക്കുന്നത് കണ്ടില്ലെ. എല്ലാ പൂക്കളും കായയായാൽ എത്രമാത്രം മാങ്ങയുണ്ടാവും! പക്ഷെ അതുണ്ടാവുന്നുണ്ടോ? പലതും പൂവായും കുരുന്നായും മൂക്കാതെയും കൊഴിഞ്ഞു വീഴുന്നു. കാറ്റടിച്ചും വീഴുന്നു. വളരെ കുറച്ചുമാത്രം പൂർണ്ണവളർച്ച എത്തുന്നു.

2) രണ്ടാമത്തെ ചോദ്യം എന്നെപ്പറ്റി തന്നെ ആയിരുന്നു. 'ബാബ ഇല്ലാതാവുമ്പോൾ ഞാൻ എന്തു ചെയ്യും'? ഇതിന് ബാബ പറഞ്ഞത് എപ്പോൾ എവിടെവെച്ചും ഞാൻ സ്മരിച്ചാൽ ബാബ കൂടെയുണ്ടാവുമെന്നാണ്. ആ വാഗ്ദത്തം 1918-ന് മുമ്പും 1918ൽ മഹാസമാധിക്കു ശേഷവും ബാബ പരിപാലിക്കുന്നു. ബാബ എന്നെ നയിക്കുന്നു. ഈ പറഞ്ഞത് 1910-11 കാലത്ത് സഹോദരൻമാർ വേർപെടുകയും എന്റെ സഹോദരി മരിക്കുകയും ചെയതപ്പോഴാണ്. അന്ന് ഒരു കളവും പോലീസ്സന്വേഷണവും എല്ലാമുണ്ടായി ഞാനാകെ മാനസികമായി തളർന്നിരുന്നു.

എന്റെ സഹോദരി മരിച്ചപ്പോൾ എന്റെ മനസ്സ് വല്ലാതെ കലങ്ങി. ഞാൻ ജീവിതം വെറുത്തു. ഞാൻ ബാബയെ കാണാൻ പോയപ്പോൾ ബാബ ഉപദേശംകൊണ്ട് സമാധാനിപ്പിച്ച് അപ്പ കുൽക്കർണ്ണിയുടെ വീട്ടിൽ നിന്ന് പുരൻപോലി വേണ്ടപോലെ തീററുകയും ചന്ദനം പൂശുകയും ചെയ്തു.

എന്റെ വീട്ടിൽ ഒരു കളവു നടന്നു. 30 കൊല്ലത്തെ പരിചയക്കാരനായ ഒരാൾ എന്റെ ഭാര്യയുടെ ആഭരണപ്പെട്ടി മോഷ്ടിച്ചു. അതിൽ മംഗളകരമായ മൂക്കുത്തിയും പെട്ടിരുന്നു. ഞാൻ ബാബയുടെ ഫോട്ടോ നോക്കി കരഞ്ഞു. പിറ്റേന്നയാൾ പെട്ടി തിരികെ കൊണ്ടുവന്നു മാപ്പിരന്നു.

ശ്രീ സായിയെ നമിക്കുവിൻ ലോകശാന്തി ഭവിക്കട്ടെ!